**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6130** **17-03-2023 - ല്‍ മറുപടിയ്ക്ക്**

**പ്രാദേശിക ഉല്പന്നങ്ങളുടെ ഓണ്‍ലൈന്‍ വിപണനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. ബി. സതീഷ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയര്‍ വകുപ്പ് മന്ത്രി) | |
| (എ) | പ്രാദേശികമായ വ്യാവസായിക യൂണിറ്റുകളുടെ ഉല്പന്നങ്ങള്‍ ബ്രാന്റ് ചെയ്തു വില്‍പ്പന നടത്തുന്നത് പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്; അത്തരം ഉല്പന്നങ്ങള്‍ വിപണനം നടത്തുന്നതിന് കേന്ദ്രീകൃത ഓണ്‍ ലൈന്‍ പ്ലാറ്റ്ഫോം തയ്യാറാക്കാനാകുമോ; വിശദാംശങ്ങള്‍ അറിയിക്കാമോ? | (എ) | പ്രാദേശികമായ വ്യാവസായിക യൂണിറ്റുകളുടെ ഉല്പന്നങ്ങള്‍ ബ്രാന്റ് ചെയ്തു വില്‍പ്പന നടത്തുന്നത് പ്രോത്സാഹിപ്പിക്കുന്നതിനും അത്തരം ഉല്പന്നങ്ങള്‍ വിപണനം നടത്തുന്നതിനുമായി കേരള ബ്യൂറോ ഓഫ് ഇന്‍ഡസ്ട്രിയല്‍ പ്രൊമോഷന്‍ മുഖേനെ കേന്ദ്രീകൃത ഓണ്‍ ലൈന്‍ പ്ലാറ്റ്ഫോമായ ബി 2 ബി ബിസിനസ്സ് പോര്‍ട്ടല്‍ പ്രവര്‍ത്തിച്ചു വരുന്നു.<br><br><u>ബി2ബി വെബ് പോര്‍ട്ടല്‍</u><br><br>കേരളത്തില്‍ ഉത്പാദിപ്പിക്കപ്പെടുന്ന സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭകരുടെ ഉല്‍പ്പന്നങ്ങള്‍ക്കും വ്യവസായ വകുപ്പിന്റെ കീഴിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉല്‍പ്പന്നങ്ങള്‍ക്കും വിപണി ലഭ്യതക്കായി വ്യവസായ വകുപ്പിനു വേണ്ടി വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്, കേരള ബ്യൂറോ ഓഫ് ഇന്‍ഡസ്ട്രിയല്‍ പ്രൊമോഷന്‍ (കെബിപ്പ്) മുഖേന ഓണ്‍ലൈന്‍ വ്യാപാരത്തിനായുള്ള സംവിധാനമായി ഒരു വെബ്പോര്‍ട്ടല്‍ (www.keralaemarket.com / www.keralaemarket.org / www.keralaemarket.kerala.gov.in) രൂപീകരിച്ചു. വ്യവസായ വാണിജ്യ വകുപ്പ് രൂപീകരിച്ച ഈ വെബ്പോര്‍ട്ടല്‍ സംസ്ഥാനത്തെ സൂക്ഷ്മ ചെറുകിട ഉല്‍പ്പാദകര്‍ക്ക് ദേശീയ കമ്പനികളുമായി ബന്ധം സ്ഥാപിക്കുന്നതിനും തങ്ങളുടെ ഉല്‍പ്പന്നങ്ങളെ കുറിച്ചുള്ള വിവരങ്ങള്‍ ലഭ്യമാക്കി വിവിധ രാജ്യങ്ങളിലേക്ക് ഉല്പന്നങ്ങള്‍ കയറ്റുമതി ചെയ്യുവാനും സഹായകരമാകും.<br><br>കേരളത്തിലെ ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെ സഹകരണത്തോടെ 14 ജില്ലകളിലും എം.എസ്.എം.ഇ. പോര്‍ട്ടല്‍ രജിസ്ട്രേഷനായുള്ള ബോധവത്കരണ പരിപാടികള്‍ സംഘടിപ്പിച്ചു. നിലവില്‍ ആയിരത്തിലധികം കമ്പനികളും |

കേരളത്തിലെ വിവിധ പൊതുമേഖല സ്ഥാപനങ്ങളും ഈ വെബ്പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭകരുടെയും, പൊതുമേഖലാ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ നടപടികൾ തുടർന്നു വരുന്നു.

നിലവിലുള്ള വ്യവസായങ്ങൾ കൂടാതെ പുതിയ സംരംഭകർക്കും ഇതുമായി ബന്ധപ്പെട്ടവർക്കും ഈ വെബ് പോർട്ടലിൻറെ സേവനം പ്രയോജനപ്പെടുത്തുവാൻ സാധിക്കും. ഇത്തരത്തിലുള്ള സംരംഭങ്ങൾ കേരളത്തിലെ വ്യവസായങ്ങൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും ദേശീയ വിപണികളിൽ കടന്നു ചെല്ലുവാനും പ്രത്യേകിച്ചും കോവിഡ് 19 കാലത്തിന് ശേഷം അവർക്ക് പ്രയോജനപ്പെടുന്ന ബയർമാർ / കമ്പനികളുമായി വ്യാപാര പങ്കാളിത്തത്തിൽ ഏർപ്പെടുവാനും സാധിക്കും.

ബി2ബി വെബ് പോർട്ടലിന്റെ പ്രധാന സവിശേഷതകൾ :

1. കേരളത്തിലെ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും ഓൺലൈൻ മുഖേന വ്യാപാര ചർച്ചകൾ നടത്താനായി സാധിക്കും.

2. ദേശീയ തലത്തിലുള്ള ബയർമാരും കേരളത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വ്യവസായ സംരംഭങ്ങളും, പൊതുമേഖലാ സ്ഥാപനങ്ങളുമായി ബന്ധിപ്പിക്കുക.

3. വ്യവസായ സംരംഭങ്ങളെക്കുറിച്ചും അവരുടെ ഉൽപ്പന്നങ്ങളെ കുറിച്ചുമുള്ള വിശദമായ വിവരങ്ങൾ കേരള ഇ-മാർക്കറ്റ് (Kerala e-Market) പോർട്ടലിൽ ഉൾപ്പെടുത്തുന്നു.

4. കേരള ഇ-മാർക്കറ്റ് (Kerala e-Market) പോർട്ടലിൽ രജിസ്റ്റർ ചെയ്ത സംരംഭകർക്ക് യൂസർ ഐഡിയും (User ID) പാസ് വേഡും നൽകും.

5. വിവിധ മേഖലകൾ / ഉൽപ്പന്നങ്ങൾ തരംതിരിച്ചുള്ള വിവരങ്ങൾ അറിയുവാൻ സാധിക്കും.

6. വ്യവസായ സംരംഭകർക്കും, പൊതുമേഖലാ സ്ഥാപനങ്ങൾക്കും ഉൽപ്പന്നങ്ങൾ വാങ്ങുന്നതിനും വിൽക്കുന്നതിനുമുള്ള വ്യാപാര അന്വേഷണങ്ങൾ അപ്‌ലോഡ് ചെയ്യുവാനുള്ള സൗകര്യം കേരള ഇ-മാർക്കറ്റ് (Kerala e-Market) പോർട്ടലിൽ ലഭ്യമാക്കുന്നു.

| | | | |
|---|---|---|---|
| | | | 7. ദേശീയ തലത്തിൽ നേരിട്ട് ലഭിക്കുന്ന വ്യാപാര അന്വേഷണങ്ങളുടെ വിവരങ്ങൾ കേരള ഇ-മാർക്കറ്റ് (Kerala e-Market) പോർട്ടലിൽ ലഭ്യമാകും.<br><br>8. ദേശീയ തലത്തിൽ വിവിധ മേഖലകൾ / ഉൽപ്പന്നങ്ങൾ കേന്ദ്രീകരിച്ച് നടക്കുന്ന വ്യാപാര മേളകൾ / എക്സിബിഷനുകൾ എന്നിവയുടെ വിവരങ്ങൾ കേരള ഇ-മാർക്കറ്റ് (Kerala e-Market) പോർട്ടലിൽ ലഭ്യമാകും.<br><br>9. ദേശീയ ബയർമാരിൽ നിന്നും നേരിട്ടുള്ള വാണിജ്യ അന്വേഷണങ്ങൾ ഈ ഓൺലൈൻ പോർട്ടൽ മുഖേന ലഭ്യമാകും.<br><br>ഈ പോർട്ടലിൽ സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങൾക്കും, പൊതുമേഖലാ സ്ഥാപനങ്ങൾക്കും അവരവരുടെ ഉൽപ്പന്നങ്ങളുടെ ചിത്രങ്ങളും, വിലയും ചേർക്കാവുന്നതാണ്. ഇതിൽ ഉൽപ്പന്നങ്ങളേയും വ്യവസായങ്ങളേയും ഭക്ഷ്യ സംസ്കരണം, കൈത്തറി, റബ്ബർ, കയർ, ആയുർവേദം, ഇലക്ട്രിക് & ഇലക്ട്രോണിക്സ്, കരകൗശലം, കൃഷി എന്നിങ്ങനെ വിവിധ മേഖലകളായി തരംതിരിച്ചിട്ടുണ്ട്. നിലവിലുള്ള വ്യവസായങ്ങൾ കൂടാതെ പുതിയ സംരംഭകർക്കും ഇതുമായി ബന്ധപ്പെട്ടവർക്കും ഈ വെബ് പോർട്ടലിന്റെ സേവനം പ്രയോജനപ്പെടുത്തുവാൻ സാധിക്കും.<br><br>കേരള ഇ-മാർക്കറ്റ് പോർട്ടൽ മുഖേന കേരളത്തിലെ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളുടെയും, പൊതുമേഖലാ സ്ഥാപനങ്ങളുടെയും നൂതനമായ ഉൽപ്പന്നങ്ങളുടെ സവിശേഷതകളും, സാങ്കേതികതയും പ്രദർശിപ്പിക്കുവാൻ സാധിക്കുന്നു. ബി2ബി വെബ് പോർട്ടൽ കേരളത്തിലെ വ്യവസായ സംരംഭങ്ങൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും എല്ലാതരത്തിലും പരസ്പര വ്യവഹാരം നടത്തുവാനും ബിസിനസ്സ് ടു ബിസിനസ്സിനായി (ബി2ബി) ഒരു വേദിയായും, ഇ-കാറ്റലോഗിംങ് തുടങ്ങിയവക്കായും പ്രയോജനപ്രദമാകുന്നു. |

സെക്ഷൻ ഓഫീസർ